ഐ. എം. ജി.-യുടെ പ്രവർത്തനങ്ങൾ

84 [5819] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഐ. എം. ജി.-യുടെ ഭരണ സമിതിയെകുറിച്ച് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം കോഴ്സുകളും പരിശീലന പരിപാടികളുമാണ് ഐ.എം.ജി.-യിൽ നടത്തുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഐ. എം. ജി.-യിലെ ടീച്ചിംഗ് വിഭാഗത്തിലും മിനിസ്റ്റീരിയൽ വിഭാഗത്തിലും എത്ര പേർ ജോലി ചെയ്യുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഇ) ടീച്ചിംഗ് വിഭാഗത്തിൽ എത്ര തസ്തികകൾ ഉണ്ട്; ഏതെല്ലാം വിഷയങ്ങളിൽ എന്ന് വെളിപ്പെടുത്തുമോ;

(എഫ്) ടീച്ചിംഗ് വിഭാഗങ്ങളിൽ വിവിധ ഫാക്കൽറ്റികളിലായി ലക്ചറർ, റിസർച്ച് അസോസിയേറ്റ്, റിസർച്ച് ആഫീസർ എന്നീ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകളുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ജി) ഐ.എം.ജി.-യിൽ ലക്ചറർ തസ്തികയിൽ നിയമനം ലഭിക്കുന്നതിന് ആവശ്യമായ വിദ്യാഭ്യാസ യോഗ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(എച്ച്) ലക്ചറർ തസ്തികയിൽ ഏറ്റവും അവസാനമായി നിയമനം നടന്നത് എന്നാണെന്ന് വ്യക്തമാക്കാമോ;

(ഐ) ഒഴിവുള്ള ലക്ചറർ, റിസർച്ച് ഓഫീസർ റിസർച്ച് അസിസ്റ്റന്റ് എന്നീ തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിശീലനം നൽകുക, റിസർച്ച്/കൺസൾട്ടൻസി വർക്കുകൾ, സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾക്കുവേണ്ടി ഏറ്റെടുത്ത് നടത്തുക ഇവയാണ് ഐ.എം.ജി.-യുടെ പൊതു പ്രവർത്തനങ്ങൾ.

(ബി) ഐ.എം.ജി.-യുടെ ദൈനംദിന ഭരണ കാര്യങ്ങൾ എക്സിക്യൂട്ടീവ് കമ്മിറ്റിയുടേയും ഗവേണിംഗ് ബോഡി അംഗങ്ങളുടേയും നിയന്ത്രണത്തിലാണ്. താഴെപ്പറയുന്നവരാണ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടേയും ഗവേണിംഗ് ബോഡിയുടേയും അംഗങ്ങൾ:

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ:

1. ഡയറക്ടർ, ഐ.എം.ജി.—ചെയർമാൻ (Ex-Officio)
2. പ്രിൻസിപ്പൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ്—മെമ്പർ (Ex-Officio)
3. ശ്രീ. വി. എസ്. സെന്തിൽ, സെക്രട്ടറി (ഫൈനാൻസ്—മെമ്പർ എക്സ്പെന്റിച്ചർ)
4. ശ്രീ. സി. ബാലഗോപാൽ, എം. ഡി., തെർമോപെൻപോൾ, തിരുവനന്തപുരം—മെമ്പർ.
5. ശ്രീ. കെ. ആർ. ശ്രീവത്സൻ, ഡയറക്ടർ, ഐ.ഐ.ടി & മാനേജ്മെന്റ്, തിരുവനന്തപുരം—മെമ്പർ.
6. ശ്രീ. വി. കെ. ജോർജ്ജ്—ഫാക്കൽറ്റി മെമ്പർ.

ഗവേണിംഗ് ബോഡി മെമ്പേഴ്സ്:

1. ചീഫ് സെക്രട്ടറി, കേരള സർക്കാർ.
2. പ്രിൻസിപ്പൽ സെക്രട്ടറി, പി. ആന്റ് എ. ആർ. ഡി.
3. ഡയറക്ടർ, ഐ.എം.ജി.
4. ശ്രീ. എസ്. എം. വിജയാനന്ദ്, സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
5. ഡോ. എ. എം. മിഖായേൽ, മുൻകേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി വൈസ്ചാൻസലർ, തൃശ്ശൂർ.
6. ശ്രീ. വി. എസ്. സെന്തിൽ, സെക്രട്ടറി, ഫൈനാൻസ് എക്സ്പെന്റിച്ചർ.
7. ശ്രീമതി അരുണ സുന്ദരരാജൻ, സെക്രട്ടറി, ഇൻഫർമേഷൻ ടെക്നോളജി.
8. ശ്രീ. ഒ. പി. അഗർവാൾ, ജോയിന്റ് സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് പേഴ്സണൽ ആന്റ് ട്രെയിനിംഗ്.
9. ശ്രീ. പി. ജി. മുരളീധരൻ, ഐ.എ.എസ്., മുൻ ഗവൺമെന്റ് ഓഫ് ഇന്ത്യ സെക്രട്ടറി.
10. ശ്രീ. രാജ്മോഹൻ, ചെയർമാനും മാനേജിംഗ് ഡയറക്ടറും, ഹിന്ദുസ്ഥാൻ ലാറ്റക്സ്, തിരുവനന്തപുരം
11. ഡോ. എ. എച്ച്. കാൽറോ, ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോട്.

12. ശ്രീ. എൻ. എ. വിശ്വനാഥൻ, ജോയിന്റ് സെക്രട്ടറി ആന്റ് ഫിനാൻഷ്യൽ അഡ്വൈസർ, മിനിസ്ട്രി ഓഫ് ഹോം അഫയേഴ്സ്, ഗവൺമെന്റ് ഓഫ് ഇന്ത്യ.

13. ഡോ. കെ. ആർ. ശ്രീവത്സൻ, ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്.

14. ശ്രീ. സി. ബാലഗോപാൽ, എം. ഡി., തെർമോപെൻപോൾ ലിമിറ്റഡ്, തിരുവനന്തപുരം.

15. ശ്രീ. ടി. കെ. നായർ, ചെയർമാൻ, പബ്ലിക് എന്റർപ്രൈസസ് ആന്റ് സെലക്ഷൻ ബോർഡ്.

16. ശ്രീ. റ്റി. റ്റി. തോമസ്, മുൻചെയർമാൻ, ഫെർട്ടിലൈസേഴ്സ് ആന്റ് കെമിക്കൽസ് ട്രാവൻകൂർ, നോർത്ത് കളമശ്ശേരി.

17. ശ്രീ. വിനയശീൽ ഗൗതം, എം. ഡി., ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ന്യൂഡൽഹി.

18. ശ്രീ. വി. കെ. ജോർജ്, ഫാക്കൽറ്റി, ഐ.എം.ജി., തിരുവനന്തപുരം.

(സി) ഐ.എം.ജി.-യിൽ നടത്തുന്ന പരിശീലന പരിപാടികൾ താഴെ പറയുന്ന കാറ്റഗറിയിൽപ്പെടുന്നു:

I. ഗവൺമെന്റ് ഓഫ് ഇന്ത്യ സ്പോൺസേഡ് പ്രോഗ്രാമുകൾ.

II. അഡ്മിനിസ്ട്രേറ്റീവ് ട്രെയിനിംഗ് പ്രോഗ്രാമുകൾ.

III. ജൻഡർ ഡവലപ്പ്മെന്റ് പ്രോഗ്രാമുകൾ.

IV. ഡി-സെൻട്രലൈസേഷൻ ആന്റ് ഡെവലപ്പ്മെന്റ് പ്രോഗ്രാമുകൾ.

V. ഇൻഫർമേഷൻ ടെക്നോളജി ആന്റ് ഇ-ഗവർണൻസ് പ്രോഗ്രാമുകൾ.

(ഡി) ഐ.എം.ജി.-യിൽ ടീച്ചിംഗ് വിഭാഗത്തിൽ 22 പേരും (ഡെപ്യൂട്ടേഷൻ, ലീവ് എന്നിവയിലുള്ള 3 പേർ ഉൾപ്പെടെ) മിനിസ്റ്റീരിയൽ വിഭാഗത്തിൽ 123 പേരും ജോലി ചെയ്യുന്നുണ്ട്.

(ഇ) ടീച്ചിംഗ് വിഭാഗത്തിൽ ആകെ 32 തസ്തികകളുണ്ട്. മാനേജ്മെന്റ് വിഷയങ്ങൾ, കമ്പ്യൂട്ടർ പരിശീലനം, സർവീസ് ചട്ടങ്ങൾ, സാമ്പത്തിക ശാസ്ത്രം, സാമ്പത്തിക വിഷയങ്ങൾ എന്നിവയാണ് വിഷയങ്ങൾ.

(എഫ്) ടീച്ചിംഗ് വിഭാഗത്തിലെ വിവിധ വിഭാഗങ്ങളിലായി 10 സ്ഥിരം തസ്തികയും 3 താല്ക്കാലീക തസ്തികയും നിലവിൽ ഒഴിവുണ്ട്.

(ജി) 55%-ൽ കുറയാത്ത മാർക്കോടുകൂടിയ ബിരുദാനന്തര ബിരുദമാണ് ലക്ചറർ തസ്തികയിൽ നിയമനത്തിനുവേണ്ട അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ലക്ചറർ തസ്തികയിൽ ഏറ്റവും അവസാനമായി നിയമനം നടന്നത് 1996-ലാണ്.

(ഐ) റിസർച്ച് ഓഫീസർ, റിസർച്ച് അസിസ്റ്റന്റ് എന്നീ തസ്തികകൾ ഐ.എം.ജി.-യിൽ നിലവിലില്ല. ഫാക്കൽറ്റിമാരുടെ ജോലിഭാരം കാര്യക്ഷമതാ പാടവം റിക്രൂട്ട്മെന്റ് ആന്റ് പ്രൊമോഷൻ പോളിസി എന്നിവയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 27-3-2003-ൽ നടന്ന എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗിൽ പ്രൊഫസർ എം. എൻ. വി. നായരെ നിയമിച്ചിരിക്കുകയാണ്. ഒഴിവുള്ള തസ്തികകളിൽ ഏതേതു വിഷയങ്ങളിൽ പ്രാവീണ്യമുള്ളവരെ നിയമിക്കണമെന്ന് പഠിച്ച് ശുപാർശ സമർപ്പിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ 7 അംഗങ്ങളെ ഉൾപ്പെടുത്തി ശ്രീ. കെ. ആർ. ശ്രീവത്സൻ കൺവീനറായി സബ്കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയതിനുശേഷം തസ്തികകൾ നികത്തുന്ന കാര്യത്തിൽ നടപടികൾ കൈക്കൊള്ളുന്നതാണ്.

എം.ജി.പി.-യുടെ ഭാഗമായി നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ

85 [5820] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണ നവീകരണ പരിപാടി (എം.ജി.പി.)-യുടെ പേരിൽ സർക്കാർ വകുപ്പുകൾക്ക് നൽകിയിട്ടുള്ള നിർദ്ദേശങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടേയും മാർഗ്ഗ നിർദ്ദേശങ്ങളുടേയും പകർപ്പുകൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) സർക്കാർ തത്വത്തിൽ അംഗീകരിച്ച വിഷയാധിഷ്ഠിത രൂപരേഖകൾ അനുസരിച്ച് എം.ജി.പി.-ക്കു വേണ്ടിയുള്ള വിശദമായ പ്രവർത്തന പദ്ധതി തയ്യാറാക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നതേയുള്ളൂ. സർക്കാർ ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുത്തിട്ടില്ലാത്തതിനാൽ എം.ജി.പി. നടത്തിപ്പിനെ സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും തന്നെ സർക്കാർ വകുപ്പുകൾക്ക് നൽകിയിട്ടില്ല.

(ബി) ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ഉദിക്കുന്നില്ല.

വിവിധ വകുപ്പുകൾക്കായി വാങ്ങിയ വാഹനങ്ങൾ

86 [5821] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ വകുപ്പുകളുടെ ആവശ്യത്തിനായി എത്ര മോട്ടോർ വാഹനങ്ങൾ (കാർ, ജീപ്പ് എന്നിവ) വാങ്ങിയെന്നും ഏതൊക്കെ വകുപ്പുകൾക്കായിരുന്നു എന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly